QP CODE: 24020017

24020017

Reg No : ....................

Name : ....................

**UNDER GRADUATE (CBCS) REGULAR / IMPROVEMENT / REAPPEARANCE EXAMINATIONS, MAY 2024**

**Second Semester**

**Common Course II - ML2CCT02 - മലയാളം- കവിത**

(Common for Model I B.A/B.Sc Programmes)

2017 ADMISSION ONWARDS

284309D7

Time: 3 Hours | Max. Marks : 80

*Instructions to Private candidates only: This question paper contains two sections. Answer SECTION I questions in the answer-book provided. SECTION II, Internal examination questions must be answered in the question paper itself. Follow the detailed instructions given under SECTION II*

**പാർട്ട് എ**

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.*

1. "ഉടനെ വലിയ കാട്ടിൽ വന്മഴക്കാ-
റിടയിലിളം പിറപോലെ, ദീനനായി" - വിശദീകരിക്കുക.

2. മുത്തശ്ശന്റെയും മുത്തശ്ശിയുടെയും കാശീയാത്രയെ കവി എങ്ങനെയാണ് ആവിഷ്കരിച്ചിരിക്കുന്നത്?

3. " ആളുകൾ ദൂരെ നിന്ന് ചൂണ്ടി
പ്രേതബാധയുള്ള വീട് " - എന്തിനെ പ്രതിനിധീകരിക്കുന്നു?

4. "വെമ്പി ഞങ്ങളീ ലോകം സമത്വ
പ്പൊൻ വനിയായ് പുനർ വിരചിപ്പാൻ" - ആരാണ് വെമ്പിയത്?

5. "താണു നാമാദി മനുഷരോളം
വീണു ഞങ്ങൾ, ഹാ വെന്നിതു നിങ്ങൾ " - വിശദമാക്കുക.

6. "എന്തിനെന്തിന്നയവിറക്കുന്നു
നോവുകൂട്ടി നുണഞ്ഞസുഖങ്ങൾ" - ആരുടെ വാക്കുകൾ? വിശദീകരിക്കുക.

7. "പന തിന്നും പണി ചെയ്യും അവർ
മെല്ലെ മെല്ലെ ചത്തുകൊള്ളും " - ഇങ്ങനെ ചിന്തിക്കാനുള്ള സാഹചര്യം എന്ത്?

8. "നിന്റെ വീട്
കല്ലിൽ പണിതുമിനുക്കിയ ശില്പം
എന്റേത്
നിലാവുമിരുട്ടും ചേർത്തു കുഴച്ചൊരു മൺകുടിൽ" - വിശദമാക്കുക.

9. " അഥവാ ഉലക്കമേൽ കിടക്കാനുള്ളതാണോ ഒരുമ?
അതോ തലഉയർത്തി എണീറ്റു നില്ക്കാനുള്ളതോ "? - ഈ ചോദ്യങ്ങൾ ഉയരുന്ന സന്ദർഭമേതെന്ന് വിശദീകരിക്കുക.

10. "പക്ഷേ, സമ്പത്തുകാലമേ ഇല്ലാത്തവരെങ്ങിനെ തൈ പത്തു വയ്ക്കും?" ഈ ആശങ്ക ഉയരുന്ന സന്ദർഭമേതെന്ന് വിശദീകരിക്കുക.

11. "ഓരോ തുള്ളി ചിതയിലേക്കും
ഒരായിരം സൂര്യനു കുതിച്ച
ഉടന്തടികളേ " - മാവിനെ കവി ഇങ്ങനെ വിശേഷിപ്പിക്കുന്നതിന്റെ സാംഗത്യമെന്ത്?

12. "ഈ മൃഗഗ്രഹം നൂളാൻ
എന്റെയാവിവൻ തോണി " സന്ദർഭമേത്? വിശദമാക്കുക.

(10×2=20)

## പാർട്ട് ബി

*ഒന്നര പുറത്തിൽ കവിയാതെ* ***ആറ്*** *ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.*

13. ലീലയുടെ കരവലയത്തിൽ നിന്ന് വിമുക്തനായതിന് ശേഷം മദനന് എന്താണ് സംഭവിച്ചത്?

14. 'കുഞ്ഞുണ്ണി മാഷിന്റെ കവിതകൾ വേറിട്ട ഒരു ഭാവുകത്വത്തെ അടയാളപ്പെടുത്തുന്നു' - കുന്നിമണികൾ എന്ന പാഠഭാഗത്ത് തന്നിട്ടുള്ള കവിതകളെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

15. തള്ളക്കോഴിയുടെ പൂർവ്വകാല സ്മരണകൾ എന്തെല്ലാം?

16. "ലോകാവസാനം വരേക്കും പിറക്കാതെ പോകട്ടെ നീയെൻ മകനേ" -എന്ന് കവി ചിന്തിക്കാൻ കാരണങ്ങൾ എന്തെല്ലാം?

17. 'പെണ്ണിന്റെ സർഗ്ഗാത്മകതയെ ഞെരുക്കിക്കളയുന്ന സ്ഥാപനമാണ് വീട്' ഈ പ്രസ്താവനയെ ഗോതമ്പുശില്പം എന്ന കവിതയുടെ പശ്ചാത്തലത്തിൽ അപഗ്രഥിക്കുക.

18. 'ഒറ്റപ്പെട്ടു പോകുന്ന ജീവിതത്തിന്റെ ആവിഷ്കാരമാണ് ഒറ്റയ്ക്കിരിക്കാൻ പഠിച്ചു കഴിഞ്ഞു ഞാൻ എന്ന കവിതയിലുള്ളത്' - പരിശോധിക്കുക.

19. കുട്ടമ്മാനെക്കുറിച്ചുള്ള കവിയുടെ ഓർമ്മകൾ എന്തെല്ലാം?

20. സ്മാരകം എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പെഴുതുക.

21. "മനുഷ്യനും പ്രകൃതിയുമായുള്ള പാരസ്പര്യമാണ് നല്ല കവിതയ്ക്കുണ്ടാവേണ്ടതെന്ന് 'തിരുത്ത് ' എന്ന കവിതയിലൂടെ പി.പി. രാമചന്ദ്രൻ ചൂണ്ടിക്കാണിക്കുന്നു" - പരിശോധിക്കുക.

(6×5=30)

## പാർട്ട് സി

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. 'പ്രണയത്തെക്കുറിച്ചുണ്ടായിരുന്ന മലയാളിയുടെ പരമ്പരാഗത സങ്കല്പത്തെ അപനിർമിച്ചകവിതയാണ് ലീല' - ഉപന്യസിക്കുക.

23. 'ചെറുത്തു നില്പിന്റെ, പോരാട്ടത്തിന്റെ, പ്രതിരോധത്തിന്റെ സാധ്യതകൾ മുന്നോട്ട് വയ്ക്കുന്ന കവിതയാണ് കെ.ജി. ശങ്കരപ്പിള്ളയുടെ മുള്ളൻപന്നി' - ഉപന്യസിക്കുക.

24. "ആണധികാരത്തിന് കീഴിലെ പെൺജീവിതം" എതിൽ നിന്ന് "അധികാരത്തിന് കീഴിലെ ജീവിതങ്ങൾ " എന്നതിലേക്ക് സംക്രമിക്കുന്ന കവിതയാണ് വിജയലക്ഷ്മിയുടെ 'മൃഗശിക്ഷകൻ' - പരിശോധിക്കുക.

25. കുട്ടമ്മാൻ, പഴഞ്ചൊല്ലുകൾ എന്നീ കവിതകൾ എപ്രകാരമാണ് അരികുവത്കരിക്കപ്പെട്ട ജീവിതങ്ങളുടെ പക്ഷം ചേരുന്നതെന്ന് വിശദീകരിക്കുക.

(2×15=30)